"ഭരണഭാഷ- മാതൃഭാഷ"

**ജില്ലാ പട്ടികവർഗ്ഗ വികസന ആഫീസറുടെ കാര്യാലയം**

മിനി സിവിൽ സ്റ്റേഷൻ ബിൽഡിംഗ് (ഒന്നാം നില),ചാലക്കുടി,തൃശ്ശൂർ ജില്ല ,**680307**(പിൻ)

ഫോൺ - **0480-2706100** ഇ-മെയിൽ വിലാസം- **ckdtdo@gmail.com**

നമ്പർ സി 1627/14 തീയ്യതി 06-03-2015

ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർ,
ചാലക്കുടി .

ജില്ലാ വിദ്യാഭ്യാസ ആഫീസർ / ജില്ലാ വിദ്യാഭ്യാസ ആഫീസർ
തൃശ്ശൂർ. ചാവക്കാട്

അസിസ്റ്റന്റ് വിദ്യാഭ്യാസ ആഫീസർ,ചാലക്കുടി,ചേർപ്പ്,വടക്കാഞ്ചേരി, കുന്ദംകുളം, മാള, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, തൃശ്ശൂർ വെസ്റ്റ്, തൃശ്ശൂർ ഈസ്റ്റ്, ചാവക്കാട്, മുല്ലശ്ശേരി,വലപ്പാട്

സർ,

വിഷയം : പവവി -2014-15- പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്റ്റൈപന്റ് ,പ്രോത്സാഹന ധനസഹായം വിതരണം തീയ്യതി അറിയിക്കുന്നത് സംബന്ധിച്ച്:-

സൂചന : 1.ഈയാഫീസിലെ 10-12-14,21-02-15 ലെ ഇതേ നമ്പർ ഉത്തരവുകൾ

2. ഈയാഫീസിലെ 21-02-15 ലെ സി 3024/15 നമ്പർ ഉത്തരവ്

സൂചന ഉത്തരവിൽ പരാമർശിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2014-15 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു സ്റ്റൈപന്റ് ഇനത്തിലും 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായ ഇനത്തിലുമായി അനുവദിച്ച തുകയുടെ വിതരണം **തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ആഫീസിൽ വച്ച് 10-03-2015 തീയ്യതിയിലും ചാലക്കുടി ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസിൽ വച്ച് 11-03-2015 ,12-03-2015 എന്നീ തീയ്യതിയിലും നടത്തുവാൻ തിരുമാനിച്ചിട്ടുണ്ട്**.
താഴെ പറയുന്ന രേഖകൾ സഹിതം സ്ഥാപനമേധാവി നേരിട്ടോ അല്ലെങ്കിൽ സ്ഥാപന മേധാവി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട ആഫീസിൽ വന്ന് തുക കൈപറ്റേണ്ടതാണ്

1. തുക കൈപറ്റുന്നതിനായി **സ്ഥാപന മേധാവിയുടെ ഒപ്പ്,പേര്,സീൽ സഹിതമുള്ള രസീത് കൊണ്ടുവരേണ്ടതാണ്** (മാതൃക ഉള്ളടക്കം ചെയ്യുന്നു.)
2. തുക കൈപറ്റുന്നതിനായി സ്ഥാപന മേധാവി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനാണ് വരുന്നതെങ്കിൽ ടിയാനെ ചുമതലപ്പെടുത്തികൊണ്ടുള്ള ഓതറൈസേഷൻ ലറ്ററിൽ ടിയാന്റെ ഒപ്പ് സാക്ഷ്യപ്പെടുത്തി കൊടുത്തയക്കേണ്ടതാണ്.
3. തുക വിതരണം ചെയ്യുന്ന തീയ്യതികളിൽ **രാവിലെ 10.30 മുതൽ 4.മണി** വരെയുള്ള സമയങ്ങളിൽ വന്നാൽ തുക കൈപ്പറ്റാവുന്നതാണ്.

വിശ്വസ്തതയോടെ

ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർക്കുവേണ്ടി

അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

1. രണ്ടാം ഗഡു സ്റ്റൈപന്റ് വിതരണ ലിസ്റ്റ്
2. പ്രോത്സാഹന ധനസഹായ വിതരണ ലിസ്റ്റ്

NB : ടി ലിസ്റ്റിൽ രണ്ടാം ഗഡു സ്റ്റൈപന്റ് തുക കൈപറ്റിയ സ്ഥാപനമേധാവികൾ പ്രോത്സാഹന ധനസഹായം തുക കൈപറ്റുവാനുണ്ടെങ്കിൽ മാത്രം വന്നാൽ മതി